# Weekly Devotion - February 2018
# The seal of the Holyspirit
## (പരിശുദ്ധാത്മാവിന്റെ മുദ്ര)




സായംസന്ധ്യയ്ക്ക് തിരക്കൊഴിഞ്ഞ റോഡിൽ ഒരു മൂലയ്ക്കിരുന്ന് ഭിക്ഷാടനം നടത്തുന്ന ഒരുവനെ നടക്കുവാനിറങ്ങിയ വക്കീൽ കണ്ടുമുട്ടി. പരിചയമുള്ള മുഖം പോലെ തോന്നിയ ആളെ വക്കീൽ ചോദ്യംചെയ്തപ്പോൾ അയാളുടെ കദനകഥ പുറത്തുവരുകയും അയാൾ തന്റെ പഴയകാല സുഹൃത്തായിരുന്നു എന്ന് വക്കീൽ മനസ്സിലാക്കുകയും ചെയ്തു. തന്റെ സുഹൃത്തിന്റെ ജീവിതത്തിന് മാറ്റം വരുത്തുവാനായി ഒരു വൻ തുകയുടെ ചെക്ക് ഒപ്പിട്ട് നൽകി. കുറെ ദിവസങ്ങൾക്കു ശേഷം വീണ്ടും പഴയ സുഹൃത്ത് ഭിക്ഷാടനം നടത്തുന്നതു കണ്ട വക്കീൽ കാര്യം തിരക്കി. മുഷിഞ്ഞവേഷത്തിൽ ചെന്നാൽ പണം കിട്ടുമോ എന്ന് പേടിച്ച് താൻ പോയില്ല എന്നറിയിച്ചു. തന്റെ വേഷത്തിനല്ല എന്റെ ഒപ്പിനാണ് വില എന്ന് വക്കീൽ അയാൾക്ക് മനസിലാക്കികൊടുത്തു.

നമുക്കും ഈ അബദ്ധം ഉണ്ടാകരുത്, സ്വന്ത ജീവൻ നൽകി നമ്മെ വീണ്ടെടുത്ത പുത്രനാം ദൈവത്തെ നാം മറക്കരുത്. ഭയമില്ലാതെ തന്നെ നമുക്ക് തന്ന വാഗ്ദത്തം നേടി എടുക്കണം. തന്റെ സ്വന്തജനത്തിന്റെ വീണ്ടെടുപ്പിനു വേണ്ടി തന്റെ മഹത്വത്തിന്റെ പുകഴ്ചയ്ക്കായിട്ടാണ് പരിശുദ്ധാത്മാവിനാൽ നമ്മെ മുദ്രയിട്ടിരിക്കുന്നത്.

Read എഫേ: (1:14)

ഒരു വ്യക്തി യേശുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിക്കുമ്പോഴാണ് അവനെ ദൈവപൈതലായി കണക്കാക്കുകയും അവനിൽ പരിശുദ്ധാത്മാവിന്റെ മുദ്ര പതിയുകയും ചെയ്യുന്നത്. അപ്പോൾ പരിശുദ്ധാത്മാവ് നമ്മുടെ ഉള്ളിൽ നിറയുന്നു.

(2തിമൊ:2:19)ൽ നിന്നും രണ്ടു കാര്യങ്ങൾ മനസ്സിലാക്കാം. (1) ഒരിക്കൽ മുദ്ര ഒരാളുടെ പേരിൽ സ്വീകരിച്ചാൽ മുദ്ര വീണ അയാൾ മുദ്രയുടെ ഉടമസ്ഥനുള്ളതാണ്. (2) മുദ്ര ഏറ്റ

വരെ ഉടമസ്ഥൻ നന്നായി അറിയുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിന്റെ മുദ്രവീണ നാം ആരുടേത് എന്ന ബോധം നമുക്കുണ്ടായിരിക്കണം. കൂടാതെ ലോകം അത് മനസ്സിലാക്കത്ത ക്കവിധത്തിലായിരിക്കണം നമ്മുടെ ജീവിതവും പ്രവർത്തിയും. ദൈവവചനത്തിലെ പേർ സ്വീകരിച്ചതുകൊണ്ടോ കല്പന അനുസരിച്ചു എന്ന് പറഞ്ഞതുകൊണ്ടോ ക്രിസ്തുവിനുള്ളവർ ആകുന്നില്ല. ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ അവനുള്ളവൻ അല്ല. (റോമർ 8:9)

മുദ്ര ഏറ്റവർ ആരുടെ ഉടമസ്ഥതയിലുള്ളവർ എന്ന് മാത്രമല്ല ഉടമസ്ഥൻ ആരാണെന്ന് വിളിച്ചുപറയുന്നതുമാണ് മുദ്ര. യേശു യോർദ്ധാനിൽ സ്നാനം ഏറ്റപ്പോൾ ഇവൻ എന്റെ പ്രീയ പുത്രൻ എന്ന സ്വരം കേൾക്കുക മാത്രമല്ല സ്വർഗ്ഗം തുറന്ന് ദൈവാത്മാവ് പ്രാവ് എന്ന പോലെ ഇറങ്ങി തന്റെ മേൽ വരുന്നതും അവൻ കണ്ടു. Read മത്താ:(3:16,17) പരിശുദ്ധാത്മാവിന്റെ മുദ്ര ദൈവീക ആളത്വത്തിന്റെ മുദ്രയാണ്. പന്നിയോടൊപ്പമുള്ള സഹവാസത്തിന്റെ നാറ്റവും ഭീകരതയും അനുഭവിച്ച മകൻ മടങ്ങിവന്നപ്പോൾ നാറ്റത്തെ മറന്ന അപ്പൻ മകനെ ചേർത്തുപിടിച്ച് ആശ്ലേഷിച്ചു. നിന്റെ മകനെന്ന പേരിന് യോഗ്യനല്ല എന്ന് പറയുവാൻ തീരുമാനിച്ചു വന്നവൻ അത് പറയും മുൻപു തന്നെ അവനെ കുളിപ്പിച്ച് പുതിയ മേലങ്കിയും, വിരലിന് മോതിരവും, കാലിന് ചെരുപ്പും നൽകുവാനുള്ള നിർദ്ദേശം വേലക്കാർക്ക് നൽകിയ നല്ല പിതാവിനെ ഇവിടെ കാണാം.

Read ലൂക്കോ:(15:19-25) ഇതത്രെ പുത്രത്വത്തിന്റെ മുദ്ര. പുത്രത്വത്തിന്റെ മുദ്ര പരിശുദ്ധാത്മാവിന്റെ മുദ്രയാണ്.

സുരക്ഷിതത്വത്തെ പ്രദാനം ചെയ്യുന്ന പരിശുദ്ധാത്മ മുദ്ര ഏറ്റവർ അന്ത്യകാലത്തെ ഉഗ്രപൂർണ്ണമായ ന്യായവിധിയും ദൈവസ്നേഹത്തിന്റെ സംപൂർണ്ണവിടുതലും ഒരുമിച്ച് അഭിമുഖീകരിക്കുന്നു.

മുദ്രകുത്തി അടച്ചു വച്ചിരിക്കുന്ന രേഖയെപ്പറ്റിയും , മുദ്രകുത്തി തുറന്നിരിക്കുന്ന രേഖയെപ്പറ്റിയും ദൈവവചനത്തിൽ കാണുന്നു.

Read- ദാനി:(12:9), വെളി(5:1,2)

യിരെ(22:15-44)

മുദ്ര വച്ച് തുറന്നിരിക്കുന്ന രേഖയിലെ conditions ആ സമയം മുതൽ പ്രാവർത്തികമാകുന്നു. യിരെമ്യാവ് രേഖ സൂക്ഷിച്ചു വച്ചത് ഏത് സമയവും ഉടഞ്ഞു പോകാവുന്ന മൺപാത്രത്തിലാണ്.അതുപോലെ പരിശുദ്ധാത്മാവാകുന്ന മുദ്ര നാം ആകുന്ന മൺപാത്രത്തിലാണ് സൂക്ഷിച്ചിരിക്കുന്നത്. 2കൊരി:(4:7)ൽ നിന്നും ഇത് ദൈവത്തിന്റെ ദാനമാണ് എന്നറിയേണ്ടതിനാണ് ഇപ്രകാരം സൂക്ഷിച്ചിരിക്കുന്നത് എന്ന് കാണാം. നിക്ഷേപകന് നമ്മിലുള്ള വിശ്വാസമാണ് ഈ മുദ്ര നമ്മെ ഏല്പിച്ചത്.

കർത്താവിൽ പ്രീയ കുഞ്ഞുങ്ങളേ! കാത്തിരുന്ന് പരിശുദ്ധാത്മാവിനെ പ്രാപിക്കുക. മുദ്രയുടെ ഉടമസ്ഥന്റെ യഥാർത്ഥ അവകാശികളെ ലോകം ഭയക്കുന്നതിനാൽ ധൈര്യ

ത്തോടെ മുൻപോട്ടു പോകുക. ലോകം, പാപം , പിശാച് ഒന്നും നിങ്ങളെ തൊടുകയില്ല കാരണം പരിശുദ്ധാത്മാവിന്റെ മുദ്ര നിങ്ങളിൽ ഉള്ളതാണ്. ഇപ്രകാരം ഉടമസ്ഥന്റെ നല്ല സാക്ഷികളാകുവാൻ ദൈവം സഹായിക്കട്ടെ.

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind